അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് പ്രൊമോഷൻ

2023 [3134] ശ്രീ. കാനം രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ റേഞ്ചർമാരിൽ നിന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് 18–12–1985–ൽ 11 പേരുടെ ലിസ്റ്റ് അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിരുന്നോ;

(ബി) 11 സീനിയർ റേഞ്ചർമാർ അവരുടെ സീനിയോറിറ്റി അവഗണിച്ചുകൊണ്ടാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത് എന്നു കാണിച്ച് വകുപ്പു മന്ത്രിക്കും, ഡി.പി.സി. കൺവീനർക്കും ഇതിനിടെ അപ്പീൽ പെറ്റീഷനുകൾ സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചിരുന്നു.

(ബി) 10 പേർ അപ്പീൽ പെറ്റീഷനുകൾ സമർപ്പിച്ചിരുന്നു.

(സി) 18–9–1986–ൽ കൂടിയ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി മേൽപ്പറഞ്ഞ 10 അപ്പീൽ പെറ്റീഷനുകളും പരിഗണിച്ചു. കമ്മിറ്റിയുടെ ശുപാർശ പ്രകാരം രണ്ട് റേഞ്ചർമാരെ 1985–ലെ ലിസ്റ്റിൽ ഉൾപ്പെടുത്തി. ബാക്കിയുള്ള 8 പേരുടെ കാര്യത്തിൽ ഡി. പി. സി. യുടെ മുൻതീരുമാനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് ഡി.പി.സി. ശുപാർശ ചെയ്യുകയും, അതിൻപ്രകാരം അവർക്ക് 15–10–1986–ൽ സർക്കാർ മറുപടി കൊടുക്കുകയും ചെയ്തു.

ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലെ ആനകൾ

2024 [3136] ശ്രീ. കെ. ജെ. ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലെ ഫോറസ്റ്റ് ഓഫീസർമാരുടെ കീഴിലുള്ളവനത്തിൽ എത്ര ആനകൾ ഉണ്ടെന്നു പറയാമോ;

(ബി) 1985–86 സാമ്പത്തികവർഷത്തിൽ ആനകളുടെ എണ്ണം കൂടുകയാണോ, കുറയുകയാണോ ഉണ്ടായിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(സി) 1982 ജൂൺ മുതൽ 1986 സെപ്റ്റംബർ 30 വരെ എത്ര ആനകളെ വെടിവെച്ചുകൊന്നിട്ടുണ്ടെന്നു പറയാമോ;

(ഡി) ഇതിന്റെ പേരിൽ എത്ര ആളുകളുടെ പേരിൽ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എത്ര കേസ്സുകളിൽ ശിക്ഷിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 1983—ൽ നടത്തിയ സെൻസസ് അനുസരിച്ച് 109 കാട്ടാനകളുണ്ടായിരുന്നു.

(ബി) 1983—നുശേഷം സംസ്ഥാനത്തെ വനങ്ങളിലുള്ള കാട്ടാനകളുടെ സെൻസസ് നടത്തിയിട്ടില്ല.

(സി) ചാലക്കുടി, വാഴച്ചാൽ എന്നീ ഡിവിഷനുകളിലെ വനത്തിൽനിന്നും ഒരാനയും ഈ കാലയളവിൽ കൊല്ലപ്പെട്ടിട്ടില്ല.

(ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

അതുമ്പുംകുളം—തണ്ണിത്തോട് റോഡ് കടന്നുപോകുന്ന വനപ്രദേശം

2025 [3137] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) അതുമ്പുംകുളം—തണ്ണിത്തോട് റോഡ് എത്ര കിലോമീറ്റർ ദൂരം വനപ്രദേശത്തുകൂടി പോകുന്നുണ്ട്;

(ബി) ഈ റോഡ് കാൽനടയാത്രയ്ക്കും വാഹനയാത്രയ്ക്കും ഉപയോഗയോഗ്യമല്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് വീതി വർദ്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് നിലവിലിരിക്കുന്ന ഫോറസ്റ്റ് കൺസർവേഷൻ ആക്ട് തടസ്സമാണോ;

(ഡി) ഈ റോഡിനാവശ്യമായ സ്ഥലം വിട്ടുതരണമെന്ന് ഡിപ്പാർട്ടുമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ;

(എഫ്) ഇന്നുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എന്തു നടപടിയെന്ന് വിശദീകരിക്കുമോ;

(എച്ച്) ഫ്ളഡ് ഡാമേജ് വർക്കിൽ ഉൾപ്പെടുത്തി ഈ റോഡിന്റെ മെയിന്റനൻസ് നടത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിസർവ്വ് വനത്തിലൂടെ 5.38 കി. മീറ്റർ.

(ബി) റോഡ് ഉടനീളം ഗതാഗതയോഗ്യമല്ലെന്നു പറയാൻ സാദ്ധ്യമല്ല. കോന്നി വനം ഡിവിഷന്റെ അതിർത്തികളിലൂടെ പോകുന്ന റോഡിന്റെ ചില ഭാഗങ്ങൾ സുഗമമായ ഗതാഗതത്തിന് യോഗ്യമല്ലെന്നറിയാം. എന്നിരുന്നാലും ജീപ്പുകൾ, ബസ്സ് എന്നിവ ഈ റോഡിലൂടെ പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly